പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2283 — 08.03.2017 ൽ മറുപടിക്ക്

**ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി. രാജേഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്ര കലാ അക്കാഡമിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br>(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫണ്ട് ലഭ്യമാക്കി പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) യും (ബി) യും<br>ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ ഡോ. കെ. എച്ച്. സുബ്രമണ്യൻ ചെയർമാനും ഡോ. വൈ.വി. കണ്ണൻ സെക്രട്ടറിയായും ഉൾപ്പെടുന്ന 8 അംഗ ഭരണ സമിതി രൂപീകരിച്ചിട്ടുണ്ട്. 2016-17 ബഡ്ജറ്റിൽ ഈ ഇനത്തിൽ 1000/- രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. അക്കാദമിയുടെ ഭൗതിക സാഹചര്യങ്ങൾ സജ്ജീകരിക്കുന്ന ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി 2017 – 18 ബഡ്ജറ്റിൽ 1 കോടി രൂപ അനുവദിക്കുന്നതിലേയ്ക്കായി വകുപ്പ് തലത്തിൽ നിന്നുള്ള ശുപാർശകൾ ധനകാര്യ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അക്കാദമിയുടെ പ്രവർത്തനങ്ങൾ അരംഭിക്കുന്നതിലേയ്ക്കായി ഈ സാമ്പത്തിക വർഷത്തിൽ തന്നെ 21.60 ലക്ഷം രൂപ അനുവദിക്കുന്നതിനായുള്ള ശുപാർശയും ധനകാര്യ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ